# നെന്മാണിക്യം

(നോവൽ–9)

ജോൺ ഇളമത

തെയ്യായുടെ കല്യാണവാർത്ത കുഞ്ഞന്നയെ സന്തോഷിപ്പിച്ചു.ഏടാകൂടം ഒഴിഞ്ഞതല്ലോ. എല്ലാം ദൈവകൃപ!

ആയിടെ ചുമ്മാരുടെ കല്യാണാലോചന ദ്രുതഗതിയിൽ നടന്നു.

ആലപ്പുഴനിന്നൊരാലോചന വന്നു. ഒരു ധനാഢ്യന്റെ ഒറ്റമകൾ; പേര് ചെറിച്ചി. പ്രായം പതിനാല്. സുന്ദരി. വൈരവും രത്നങ്ങളും കയറ്റി അയയ്ക്കലാണ് അപ്പന് പണി. അഞ്ചാങ്ങളമാർക്കൊറ്റ പെങ്ങൾ. ധാരാളം വസ്തുവകകൾ. ചോദിക്കാതെ തന്നെ ഇഷ്ടംപോലെ പണവും പണ്ടവും കിട്ടും.



കുഞ്ഞന്നയ്ക്കും പാലുവിനും ആലോചന ഇഷ്ടമായി.

പാലു പറഞ്ഞു:
എന്തായാലും ചെറുക്കൻ പെണ്ണിനെ ഒന്നുപോയി കാണട്ടെ. അവനിഷ്ടപ്പെട്ടാ ഒറപ്പിക്കാം.

എന്തോന്നിഷ്ടപ്പെടൻ?
കേട്ടറിഞ്ഞടത്തോളം നല്ല ബന്ധം! ദേ, നമ്മളൊന്നു പോയി കണ്ടാട്ടെ. പറഞ്ഞവിധോക്കെ ആണോങ്കി അവന്റെ സമ്മതമൊന്നും നോക്കാം നിക്കണ്ട. ഇനീം ഇപ്പോ സൗന്ദര്യം അല്പം കൊറവാണെങ്കിത്തന്നെ പണോം പണ്ടോ മറ്റു സൗകര്യോം ഒത്തു വന്നാ അതണ്ട് ഒറപ്പിച്ചോ!

ദല്ലാളു വന്നു പറഞ്ഞതു കേട്ടില്ലേ? പാരമ്പര്യമുള്ള പഴേ കുടുംബം രാജാവിന്റെ കൈയ്യീന്ന് പട്ടും വളേം വാങ്ങിയിട്ടൊള്ളവനാ പെണ്ണിന്റെ വലിയ വലിയ അപ്പൻ. അദ്ദേഹം രാജാവിന്റെ മുതൽ പിടിക്കാരനും കൊല്ലത്തിലൊരിക്കേ മൊഖം കാണിക്കാനൊള്ള അവകാശോം ഒണ്ടാരുന്നോനാ. അത്തരമൊരു തടവാട്ടീന്ന് ബന്ധമെറങ്ങുന്നതുതന്നെ മാനമാ.

കുഞ്ഞന്നയുടെ അഭിപ്രായത്തോട് പാലുവും യോജിച്ചു. പാലു ഓർത്തു: അപ്പൻ തന്റെ കല്യാണം നടത്തിയത് തന്റെ സമ്മതം വാങ്ങിയായിരുന്നില്ലല്ലോ. ശരിയാ. അപ്പൻ പറഞ്ഞു.  ഞാൻ കെട്ടി. ശരിക്കും തമ്മിക്കണ്ടതുതന്നെ എത്രകാലം കഴിഞ്ഞാ!

ഇരുവരും പൊട്ടിച്ചിരിച്ചു. ഒരു ബാലവിവാഹത്തിന്റെ അനുഭൂതിയിൽ. ബുദ്ധിമുട്ടുകളേറെ ഉണ്ടായിരുന്നിട്ടും അതിന്റെ ഓർമ്മകൾ അവരിൽ കുളിരുണർത്തി.
താമസംവിനാ പാലു, പെണ്ണിനെപോയിക്കണ്ട് ഉറപ്പിച്ചുപോന്നു.
കുഞ്ഞന്ന ചോദിച്ചു. എങ്ങനെയുണ്ട് പെണ്ണ്?

പറഞ്ഞവിധം സുന്ദരിതന്നെ. പിന്നെ ഒരു കാര്യം പതിമൂന്നു വയസ്സു കഴിയുന്നതേയുള്ളൂ.

അതൊന്നും സാരോല്യ, ഞാം നോക്കിക്കോളാം, തിരിച്ചറിവാകും വരെ. അവർ നമ്മേക്കാൾ ഉന്നതരാണ്. എന്തൊരു വിനയമുള്ള പെരുമാറ്റം. ധാരാളം വസ്തുവകകളുണ്ട്. അമ്മ രോഗിയാ. തീർത്തും കെടപ്പാ. തളർവാതം. അമ്മയ്ക്കെന്തെങ്കിലും സംഭവിക്കും മുമ്പ് മോളെ കെട്ടിച്ചുകാണാനൊരാശ. അതാ അവർ ധൃതിവെക്കുന്നത്.

നമ്മുടെ ഭാഗ്യമാണെന്നു കരുതിയാ മതി. എല്ലാം ദൈവത്തിന്റെ കൃപ! കുഞ്ഞന്ന കൃതാർത്ഥയായി.

കല്യാണം ഉറച്ചു. മൂന്നു വിളിച്ചുചൊല്ലി. എടത്വാ ഇടവകപ്പള്ളിയിൽ വിവാഹം നടന്നു.

ആർഭാടമായ കല്യാണം. അൻപതിൽപ്പരം വള്ളങ്ങളിലാണ് ബന്ധുക്കൾ വന്നിറങ്ങിയത്. കുറേപ്പേർ കാളവണ്ടിയിലും പണക്കാർ കുതിരവണ്ടിയലും കരമാർഗ്ഗവുമെത്തി.

ചങ്ങനാശ്ശേരി പിതാവാണ് കല്യാണം ആശീർവദിച്ചത്. പാന്റുകാരും ചെണ്ടമേളക്കാരും ആഘോഷത്തിനു മോടികൂട്ടി.

കെട്ടുകഴിഞ്ഞ് പെണ്ണും ചെറുക്കനും അലങ്കരിച്ച ചുരുളൻവള്ളത്തിലാണ് തറവാട്ടിലേക്ക് പുറപ്പെട്ടത്. പമ്പയാറ്റിലെ കുഞ്ഞോളങ്ങളിൽ ചുരുളൻ നാണത്തിൽ ഇടയ്ക്കിടെ തലതാഴ്ത്തി.

ചുമ്മാർ ബന്ധുക്കൾക്കൊപ്പം വളവരയ്ക്കു പുറത്ത് ചാരുകൊരണ്ടിയിൽ ഇരുന്നു. വെയിൽ ഏല്ക്കാതെ ഒരു ബന്ധു ചുമ്മാറിന് ചലക്കുട പിടിച്ചു.

പുതുപ്പെണ്ണ് നാണിച്ച് തലതാഴ്ത്തി വളവരയ്ക്കകത്ത്, കിളിവാതിലിലൂടെ പുറത്തേക്കു കണ്ണുനട്ടിരുന്നു. അവളെ വിരഹദുഃഖം വേട്ടയാടി. സ്വന്തം അമ്മയുടെ സമീപത്ത് വായാടി കളിച്ചുനടന്നവൾ. എല്ലാം ഉപേക്ഷിച്ച് അന്യപുരുഷന്റെയും അയാളുടെ അമ്മയുടെയും അടുത്തേക്കുള്ള യാത്ര. എല്ലാം അപരിചിതവും അസ്വസ്ഥവും ആയിത്തോന്നി.

അവൾക്കു ചുറ്റിലും മാറാപ്പുകെട്ടി മേക്കാമോതിരമിട്ട അമ്മാമ്മമാർ വെറ്റില മുറുക്കി തമാശപറഞ്ഞ് വെള്ളത്തിലേക്ക് നീട്ടിത്തുപ്പി. അവർ ഇടയ്ക്കിടെ ചുവന്ന മോണകാട്ടി ചിരിച്ചു. വെടിപറഞ്ഞു.

പരിഷ്കാരികളായ യുവതികളും മദ്ധ്യവയസ്കകളും അടുക്കിട്ടു ഞൊറിഞ്ഞ കച്ചമുറിയും ചട്ടയും അതിനുമീതേ കസവുമുള്ള കവുണിയും പുതച്ചിരുന്നു. അവരുടെ കാതുകളിൽ ചെറിയ കുണുക്കുകൾ കുണുങ്ങിയാടി. അവരുടെ മുടിയിൽ നിന്ന് നല്ലെണ്ണയുടെയും മുല്ലപ്പൂക്കളുടെയും വാസന ഒഴുകി.

മൊരശും വാളികയുമിട്ട തൊലി ചുക്കിച്ചുളിഞ്ഞ, ഒരമ്മാമ്മ, അവളുടെ കവിളത്തൊരുമ്മകൊടുത്തു.

കാലിപ്പുകയിലയുടെയും കറുപ്പിന്റെയും ഗന്ധമുള്ള അമ്മാമ്മയുടെ ശ്വാസം അവളെ വീർപ്പുമുട്ടിച്ചു. അവൾ മുഖം തിരിച്ചു.

ഞാൻ ഇതിലും ചെറുപ്പത്തിലേ ഒരുത്തന്റെകൂടെ പൊറുക്കാമമ്പായതാ. എട്ടാമത്തെ വയസ്സി. അന്നെന്നെ എടുത്തോണ്ടാ പള്ളീകൊണ്ടുപോയെ, കെട്ടിക്കാൻ. ചെറിച്ചി, അമ്മാമ്മയുടെ വിസ്താരം കേട്ട് മുഷിഞ്ഞു തിരിഞ്ഞിരുന്നു. അമ്മാമ്മയ്ക്കതിഷ്ടപ്പെട്ടില്ല. അതിന്റെ അരിശം തീർക്കാൻ അമ്മാമ്മ ആറ്റിലേക്ക് 'പ്ലെക്കേ' എന്ന് നീട്ടിത്തുപ്പി. കുഴിയിലേക്ക് കാലുംനീട്ടിയിരിക്കുന്ന മറ്റൊരമ്മാമ്മ മൗനമായിരുന്നു കൊന്തയുരുട്ടി.

ചെറിച്ചിയുടെ മനസ്സിലൂടെ പലതും കടന്നുപോയി. കെട്ടിയ ചെറുക്കനെ അവൾ മുഴുവനായി ഇതുവരെ കണ്ടിട്ടുപോലുമില്ല. കഴുതിതൽ ചരടിൽ കോർത്ത മിന്നു കെട്ടുമ്പോൾ മനർത്ത കവിണിക്കുള്ളിലൂടെ അവൾ ഒന്നു കണ്ടതേയുള്ളൂ. അയാൾ സുന്ദരനാണ്. പക്ഷേ, നല്ല സ്വഭാവമായിരിക്കുമോ? ദേഷ്യപ്പെടുമോ? വഴക്കുപറയുമോ? അഞ്ചാങ്ങളമാരുടെ നടുവിൽ ചിത്രശലഭത്തേപ്പോലെ പറന്നുനടന്നിരുന്നതാ. അയാളുടെ സഹോദരങ്ങൾ അങ്ങനെയായിരിക്കുമോ?

തറവാട്ടുകടവിൽ വള്ളമടുത്തു. കുഞ്ഞന്ന എത്തി പുതുമണവാട്ടിയെ സ്വീകരിക്കാൻ.

വലതുകാൽവെച്ച് പുതുപ്പെണ്ണ് തറവാട്ടിലേക്കു കാൽകുത്തി. തൊഴുത്തിൽ കറവപ്പശുക്കളമറി. കോഴിക്കൂട്ടങ്ങൾ പനറ്റി കൊത്തിപ്പെറുക്കി നടന്നു. മുറ്റത്തെ വലിയ മാവിന്റെ ശിഖരങ്ങളിൽ കാക്കകൾ കേളീനാദമുയർത്തി. നാനാ ജാതിക്കാരായ കീഴാളവർഗ്ഗങ്ങൾ കൈതക്കാടുകളുടെയും വാഴകൂട്ടങ്ങളുടെയും മറവിൽനിന്ന് പുതുമണവാട്ടിയിലെ ഉൽസുകത്തോടെ എത്തിനോക്കി.

കുഞ്ഞന്ന വലിയകൊന്തയുടെ കുരിശുകൊണ്ട് ചെറിച്ചിയുടെ നെറ്റിയിൽ കുരിശടയാളമിട്ടു. എന്നിട്ട് അവളെ കൈപിടിച്ച് കൈപ്പടവുകളിലൂടെ മുറ്റത്തേക്കു കയറ്റി.

അപ്പോൾ തെക്കുനിന്ന് ഒഴുകിവന്ന നെൽക്കതിരിന്റെ ഗന്ധമുള്ള കുസൃതിക്കാറ്റ് അവളുടെ കാതുകളിൽ കിന്നാരം പറഞ്ഞു.

ചെറിച്ചി സേലത്തുനിന്നും കൊണ്ടുവന്ന നേർത്ത കച്ചമുറിയും ചട്ടയും അതിനുമീതെ ധാരാളം കസവുമുള്ള കവിണിയും പുതച്ചിരുന്നു.

കാതിൽ ചെറിയ സ്വർണ്ണക്കുണുക്കൾ, കഴുത്തിൽ സ്വർണ്ണശക്കാന്ത, മറ്റാഭരണങ്ങൾ, തട്ടുള്ള ചെറിയ വെന്തിങ്ങ, കൈകൾ നിറയെ പൊൻവളകൾ എന്നിവ അവളെ അതീവസുന്ദരിയാക്കി.

ചുമ്മാർ കസവുചുട്ടിയുള്ള മന്മലാണുടുത്തിരുന്നത്. മുറിക്കയ്യൻ പെൻസിഉടുപ്പും കഴുത്തിൽ കസവുള്ള നേര്യതും ചുറ്റിയിരുന്നു. മുടി പറ്റെ വെട്ടി, മുഖം മിനുസമായി ഷേവുചെയ്തിരുന്നു.

തറവാട്ടുമുറ്റത്ത്, പനമ്പും മെടഞ്ഞ ഓലയുംകൊണ്ട് മുളങ്കാലുകൾ നാട്ടി പന്തലിട്ടിരുന്നു. പന്തലിൽ മുല്ലപ്പൂമാലകളും കുരുത്തോലകൾ മെനഞ്ഞുകെട്ടിയ തോരണങ്ങളും ചാർത്തി അലങ്കരിച്ചിരുന്നു.

പല ദിക്കുകളിൽനിന്നും ബന്ധുമിത്രാദികളെത്തി. കാവാലത്തുനിന്നും കൈനകരിയിൽ നിന്നുമൊക്കെ.

തെങ്ങുംകള്ളു കുടിച്ച മൂത്ത കാരണോന്മാർ, മുണ്ടു മടക്കികുത്തി, ചീലതുമ്പു കാട്ടി മുറുക്കിതുപ്പി കുശലങ്ങൾ പറഞ്ഞു. അവരുടെ പഴയകാല ഓർമ്മകൾ അവർ അയവിറക്കി. നഷ്ടപ്പെട്ട യൗവനത്തെപ്പറ്റി അവർ വിലപിച്ചു.

ഇനീം എത്രകാലംകൂടി ഒണ്ട്! അറുപത്താറുകഴിഞ്ഞാൽ പിന്നെ അധികനാളുകൾ ഇല്ലെന്നുതന്നെ അവർ കരുതി. ഒരു ജ്വരം, അല്ലെങ്കി ഒരു മഞ്ഞപ്പിത്തം. അതുമതി എല്ലാം തീരാൻ.

ചിലരുടെ മനസ്സിൽ പുകഞ്ഞുതീരാറായ വികാരത്തിന്റെ വേലിയേറ്റം പ്രകടമായി.
ഒരു മൂപ്പിലാൻ പറയുന്നതുകേട്ടു. മാമി അങ്ങു വണ്ണിച്ചുപോയല്ലോ. എന്തോന്നാ തിന്നുന്നത്?

മാമി എന്ന വലിയ മാംസപിണ്ഡം, നാണത്തോടെ വലിയ മാറിടത്തെ മുലക്കച്ച ഒന്നുകൂടി വലിച്ചുമുറുക്കി ഇട്ടു. പല്ലുപോയ ചുവന്ന മോണകൊണ്ട് കുടഞ്ഞിട്ടു ചിരിച്ചു മൊഴിഞ്ഞു:

ഇത്താത്തോച്ചന് ഇപ്പോഴും കളി മാറീട്ടില്ലല്ലോ?!

അപ്പോൾ ഒരു വലിയ കല്യാണത്തിന്റെ ഉത്സവത്തിരക്കിൽ ഗ്രാമം ഉണരുകയായിരുന്നു.

തുടരും.....